## പരി. ലാസലെറ്റ് മാതാവിന്റെ 175–ാം പ്രത്യക്ഷീകരണതിരുനാളിന് ഒരുക്കമായ ധ്യാന പ്രാർത്ഥനാ കർമ്മം.

### നവംബർ 2020

**നിർദ്ദേശങ്ങൾ:–**

(കുടുംബാംഗങ്ങളെല്ലാവരും പ്രാർത്ഥനാമുറിയിൽ ഒന്നു ചേരുന്നു. മാതാവിന്റെ തിരുസ്വരൂപം/ചിത്രം അലങ്കരിച്ച്, മുമ്പിൽ മെഴുകുതിരി കത്തിച്ചു വെയ്ക്കാം. പ്രാർത്ഥനകളും വായനകളും കുടുംബനാഥനായോ അല്ലെങ്കിൽ കുടുംബാഗങ്ങളിൽ മറ്റൊരാളോ നയിക്കാം. ഈ പ്രാർത്ഥനാ ശുശ്രൂഷ ഈ മാസത്തിലെ 19–ാം തിയ്യതി കുടുംബപ്രാർത്ഥനയോടു ചേർത്ത് നടത്തുന്നതാണ് ഉത്തമം.)

### പ്രാരംഭഗാനം

പരിശുദ്ധാത്മാവേ…..

ലീഡർ 1. സ്വർഗ്ഗ 3 നൻമ 1. ത്രിത്വ

### പ്രാരംഭ പ്രാർത്ഥന

ലീഡർ നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവമേ. അങ്ങേ സ്നേഹ സന്ദേശവുമായി പരി. മാതാവ് ലാസലെറ്റ് മലയിൽ പ്രത്യക്ഷയായതിന്റെ 175–ാം തിരുന്നാളിനൊരുങ്ങുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ. ലാസലെറ്റ് മാതാവിന്റെ അനുരഞ്ജന സന്ദേശം ഉൾകൊണ്ടു കൊണ്ട് വ്യക്തി ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും പരിവർത്തനം വരുത്തുവാൻ ഞങ്ങളെ സഹായിക്കണമേ. ജൂബിലി വർഷത്തിനൊരുക്കമായി വൈദികരിലും സമർപ്പിതരിലും സമർപ്പിതാർത്ഥികളിലും അത്മായ കൂട്ടായ്മകളിലും നടക്കുന്ന ഭൗതികവും അത്മീയവുമായ എല്ലാ സംരംഭങ്ങളെയും അങ്ങ് സമൃദ്ധമായി അനുഗ്രഹിക്കണമേ. പരി. അമ്മ ആഹ്വാനം ചെയ്തതുപോലെ പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരും പരിത്യാഗ പ്രാശ്ചിത പ്രവർത്തനങ്ങളിൽ ഉൽസുകരും ജീവിതത്തിൽ ക്രിസ്തുവിന്റെ തീക്ഷ്ണ യോദ്ധാക്കളുമാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റേയും നാഥാ എന്നേക്കും.

ആമ്മേൻ

### വചനവായന

1 സാമുവൽ 16; 1–13

### ധ്യാനചിന്തകൾ:– ''മാക്സിമിനും മെലനിയും''

''മനുഷ്യൻ കാണുന്നതല്ല കർത്താവ് കാണുന്നത്. മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു; കർത്താവാകട്ടെ ഹൃദയഭാവത്തിലും''. പുതിയ രാജാവിനെ തിരഞ്ഞെടുക്കാൻ ദൈവത്താൽ നിയോഗിക്കപ്പെട്ട സാമുവേൽ പ്രവാചകൻ ബെത്ലെഹംക്കാരൻ ജസ്സെയുടെ ഭവനത്തിൽ എത്തുന്നതാണ് വചനഭാഗം. ജസ്സെ തന്റെ ഓരോ മക്കളെയും പ്രവാചകന്റെ മുമ്പിൽ എത്തിക്കുമ്പോൾ, ഇവനായിരിക്കും

ഇസ്രായേലിന്റെ അടുത്ത രാജാവ് എന്നു കരുതുന്ന പ്രവാചകനെ ദൈവം തിരുത്തുകയാണ്. പ്രവാചകൻ വരുമ്പോൾ വീട്ടിൽ പോലും നിറുത്താതെ അപ്പൻ ആടിനെ മേയ്ക്കാൻ വിട്ടവനെയാണ് ദൈവം തിരഞ്ഞെടുക്കുന്നത്. ''അപ്പനു പോലും പ്രതീക്ഷ ഇല്ലാത്തവനായതു കൊണ്ടായിരിക്കും തന്റെ മക്കളുടെ കൂട്ടത്തിൽ പ്രവാചകന്റെ മുമ്പിൽ കൊണ്ടു വരാൻ ഒരുക്കി നിർത്താതെ അവനെ ആടുമേയ്ക്കാൻ വിട്ടത്.'' ഇത് ധ്യാനിച്ചിട്ടെന്നപോലെ സങ്കീർത്തനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവനായ ദാവീദ് പാടുന്നു. ''എന്റെ അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചാലും കർത്താവ് എന്നെ കൈക്കൊള്ളും.'' (സങ്കീ: 27;10). ''ഉപേക്ഷിക്കപ്പെട്ട കല്ല് മൂലകല്ലായി തീർന്നു.'' എന്നു ക്രിസ്തു പറയുന്നത് പല ജീവിതങ്ങളിൽ:- വചനത്തിലും, ചരിത്രത്തിലും, ഇന്നലെയിലെയും, ഇന്നിന്റെയും കുടുംബങ്ങളിലും, ലാസലെറ്റ് പ്രത്യക്ഷത്തിലും നിഴലിക്കുന്നത് നമുക്ക് വ്യക്തമായി കാണാം.

ഫ്രഞ്ചു വിപ്ലവവും, നെപ്പോളിയന്റെ യുദ്ധവെറികളും ഫ്രാൻസിനെ വിശ്വാസജീവിതത്തിലും, ധാർമ്മികതയിലും, സാമ്പത്തിക രംഗങ്ങളിലും തകർത്തു കളഞ്ഞു. അക്കാലങ്ങളിൽ ലാസലെറ്റ് ഗ്രാമം ഉൾപ്പെടുന്ന കോർപ്പസ് പ്രദേശത്തു കൂടി കടന്നുപോകുന്ന യാത്രക്കാർ ആ നാടിന്റേയും നാട്ടുകാരുടേയും ജീവിതം കണ്ടിട്ട്, ''ദൈവത്തെ മറന്ന-ദൈവം മറന്ന ഈ നാട്ടിൽ യാതൊരു നൻമയും സംഭവിക്കാൻ ഇടയില്ല'' എന്നു പറഞ്ഞിരുന്നത് സർവ്വസാധാരണമായിരുന്നു. എന്നാൽ മനുഷ്യന്റെ എല്ലാ പ്രതീക്ഷകളും അസ്തമിക്കുന്നിടത്ത്, ദൈവം പ്രതീക്ഷക്കുള്ള ആദ്യവരി എഴുതിതുടങ്ങും. ദൈവം മറന്നു എന്നു പറഞ്ഞ നാട്ടിലാണ് ലോകംമുഴുവൻ ദൈവത്തെ മറന്നവരെ ഓർമ്മപ്പെടുത്താൻ മാതാവ് പ്രത്യക്ഷപ്പെട്ടത്.

മാക്സിമിനും മെലനിക്കും പറയാൻ കൊള്ളുന്ന ഒരു നല്ല ക്രൈസ്തവ പാരമ്പര്യവുമില്ലായിരുന്നു, കടുത്ത ദാരിദ്ര്യവും, പട്ടിണിയുമല്ലാതെ. വിപ്ലവചിന്തകർ, ദൈവത്തെയും സഭയെയും പാവപ്പെട്ടവരുടെ ശത്രുകളായി അവതരിപ്പിച്ചതോടെ പള്ളിയിലേക്കുള്ള വഴി പാവപ്പെട്ടവർ പൂർണ്ണമായും മറന്നു തുടങ്ങിയിരുന്നു. മാക്സിമിൻ എന്ന 11 വയസ്സുകാരൻ സ്കൂളിലോ പള്ളിയിലോ പോയിരുന്നില്ല. അപ്പൻ ജിറുഡിന് അവനെ പള്ളിയിൽ കൊണ്ടുപോകാൻ, ഷാപ്പിൽ നിന്നു ഇറങ്ങിയിട്ട് സമയവും കിട്ടിയില്ല. രണ്ടാനമ്മ പലപ്പോഴും അവനെ ശത്രുതയോടെയാണ് കണ്ടിരുന്നത്. അവൻ വീട്ടിൽ കയറാതിരുന്നത് അവർക്ക് സന്തോഷമായിരുന്നു. നമസ്ക്കാരങ്ങളൊന്നും അവന് പൂർണ്ണമായി അറിയില്ലായിരുന്നു:- പള്ളിയിൽ പോകാത്ത, കുടുംബപ്രാർത്ഥനയില്ലാത്ത കുടുംബത്തിലെ മകൻ ഇത് എവിടെ നിന്ന് പഠിക്കാൻ!.. വികൃതിയായിരുന്ന അവൻ അപ്പന്റെ നിർബന്ധത്തിനു വഴങ്ങിയാണ് പീറ്റർ സൽമയുടെ പശുക്കളെ മേയ്ക്കാൻ ലാസലെറ്റിലേക്കു പോയത്.

എട്ടു മക്കളും പെരുത്ത് ദാരിദ്ര്യവുമുള്ള കുടുംബത്തിലെ മൂത്ത മകളായിരുന്ന മെലനി. ദാരിദ്ര്യം കാരണം കുഞ്ഞുനാളിൽ അവളുടെ മാതാപിതാക്കൾ അവളെ ഭിക്ഷാടനത്തിന് തെരുവിൽ പറഞ്ഞയക്കുമായിരുന്നു. ഏഴ് വയസ്സുവരെ വീട്ടിൽ താഴെയുള്ള കുട്ടികളെ നോക്കലും പിന്നീടുള്ള വർഷങ്ങളിൽ പത്തു മാസത്തോളം പല വീടുകളിലും കാലിമേയ്ക്കാൻ പോകലുമായിരുന്നു അവളുടെ പണി. പള്ളിയിൽ പോകാനോ പ്രാർത്ഥിക്കാനോ അവൾക്കും കഴിഞ്ഞിരുന്നില്ല. ഒരു പ്രാർത്ഥനപോലും തെറ്റുകൂടാതെ മുഴുവിപ്പിക്കാൻ ആ 14 വയസ്സുകാരിക്ക് കഴിഞ്ഞിരുന്നില്ല. 15 വയസ്സാകാറായിട്ടും ആ നാട്ടിലെ പതിവിനു വിപരീതമായി അവൾ പ്രഥമദിവ്യകാരുണ്യം സ്വീകരിക്കുകയോ, ആദ്യ കുമ്പസാരം നടത്തുകയോ ചെയ്തിരുന്നില്ല. ആ നാളുകളിൽ;

1846 മാർച്ചു മാസം മുതൽ അവൾ ബാപ്പ്റ്റിസ്പ്രായുടെ കന്നുകാലികളെയാണ് മേയ്ച്ചിരുന്നത്. അവൾക്ക് ആ ഭവനത്തിൽ യാതൊരു പരിഗണനയും കിട്ടിയിരുന്നില്ല, ബാലികയായിരുന്നെങ്കിലും കൂടുതൽ പണിയും കുറവ് ഭക്ഷണവും, കൂലിയുമാണ് അവർ നൽകിയിരുന്നത്.

സമൂഹം തള്ളികളഞ്ഞ, പ്രാർത്ഥിക്കാനറിയാത്ത, സ്കൂളിൽ പോകാത്ത, ഫ്രഞ്ചു ഭാഷ സംസാരിക്കാത്ത, പള്ളിയിൽ പോകാത്ത ആ ഇടയരെയാണ് മാതാവ് തന്റെ സന്ദേശം നൽകാൻ തെരഞ്ഞെടുത്തത്. ശിഷ്യൻമാരെ തെരഞ്ഞെടുത്തപ്പോൾ ക്രിസ്തു സ്വീകരിച്ച മാർഗ്ഗം, പ്രവാചകൻമാരെ വിളിച്ചപ്പോൾ ദൈവം സ്വീകരിച്ച മാർഗ്ഗം, ദൈവമാതാവാകാൻ തന്നെ വിളിച്ചപ്പോൾ ദൈവം സ്വീകരിച്ച മാർഗ്ഗം അമ്മയ്ക്ക് ലാസലെറ്റിൽ സന്ദേശം നൽകാൻ കുട്ടികളെ തെരഞ്ഞെടുക്കുന്നതിന് രൂപരേഖ കൊടുത്തിരിക്കും. ചില ജീവിതങ്ങളെയും, കുടുംബങ്ങളെയും കുറവുകൾ ചാർത്തി മാറ്റി നിർത്തുമ്പോൾ, ലാസലെറ്റ് ഒരു ഓർമ്മപ്പെടുത്തലാണ്. നിഴലുകൾക്ക് വ്യക്തിത്വമില്ലായെന്നു കരുതി പരിഗണിക്കാത്തതുപോലെ പാവപ്പെട്ടവരേയും പാവപ്പെട്ടവരുടെ മക്കളെയും പരിഗണിക്കാത്ത ഒരു സമൂഹത്തിൽ, സ്വർഗ്ഗസന്ദേശം കേൾക്കാൻ വിളിക്കപ്പെട്ടത് പാവപ്പെട്ടവരും പരിഗണിക്കപ്പെടാത്തവരുമായ മാക്സിമിനും മെലനിയുമാണ്. ''കാലികളുടെ കൂട്ടിൽ പിറന്നവനെ'' ആദ്യം കണ്ട് ആരാധിച്ചത് പൂർവ്വ ദിക്കിൽ നിന്നും വന്ന രാജാക്കന്മാരല്ല, ഉറക്കമിളച്ച് ഉടമസ്ഥന്റെ ആടിനെ കാത്തു സൂക്ഷിച്ചിരുന്ന പാവപ്പെട്ട ഇടയൻമാരാണ്. നഷ്ടപ്പെട്ടവരാണ് എന്നുതോന്നുമ്പോൾ, പരിഗണിക്കപ്പെടുന്നില്ല എന്ന് കരുതുമ്പോൾ ലാസലെറ്റിൽ തെരഞ്ഞെടുക്കപ്പെട്ട കുഞ്ഞുങ്ങൾ നമുക്ക് കരുത്തായിരിക്കട്ടെ.

**വിചിന്തനം നടത്താം.**

- സ്ഥാനത്തിന്റേയോ നേട്ടത്തിന്റേയോ അടിസ്ഥാനത്തിൽ ഞാൻ ആരെയെങ്കിലും കൂടുതൽ പരിഗണിക്കുകയും മറ്റുള്ളവരെ തഴയുകയും ചെയ്തിട്ടുണ്ടോ?
- പാവപ്പെട്ടവനേയോ, അവന്റെ കുടുംബത്തെയോ, അവമതിക്കുകയോ, വാക്കിനാലും പ്രവൃത്തികളാലും ഇല്ലാതാക്കാൻ പരിശ്രമിക്കുകയും ചെയ്യാറുണ്ടോ?

## കാറോസൂസ

ലീഡർ: നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടും കൂടെ കർത്താവേ, പരി. ലാസലറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം: കർത്താവേ, പരി. ലാസലറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലീഡർ: മറ്റുള്ളവരാൽ അവഗണിക്കപ്പെടുന്നതു മൂലം സമൂഹത്തിൽ വേദന അനുഭവിക്കുന്നവരേയും പരിഗണിക്കപ്പെടാത്ത കുടുംബങ്ങളേയും അനുഗ്രഹിക്കണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ,....

ലീഡർ: വർണ്ണത്തിന്റേയും വർഗ്ഗത്തിന്റേയും ഭാഷയുടെയും മതത്തിന്റെയും ഒക്കെ പേരുകളിൽ കലഹിക്കുന്ന, വ്യക്തികൾക്കും സംഘടനകൾക്കും മാനവികതയുടെ മൂല്യം പഠിപ്പിക്കണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: നമുക്കെല്ലാവർക്കും നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനകളും നമ്മുടെ കുടുംബത്തിന്റെ പ്രത്യേക ആവശ്യങ്ങളും പരി. ലാസലെറ്റ് മാതാവു വഴി നിശബ്ദമായി ദൈവത്തിന് സമർപ്പിക്കാം.

ലീഡർ: **നമുക്ക് പ്രാർത്ഥിക്കാം.**

കർത്താവേ, പരിപാലകനും നിയന്താവുമായ ഞങ്ങളുടെ പിതാവേ, ഞങ്ങളെയും ഞങ്ങളുടെ ഹൃദയവിചാരങ്ങളെയും അറിയുന്ന അങ്ങ് പൂർണ്ണമായും ഞങ്ങളുടെ ഹൃദയങ്ങളേയും കുടുംബങ്ങളേയും ഭരിക്കണമേ. ''ദൈവം മറന്നു പോയി'' എന്നു പറഞ്ഞ് ജനം അധിക്ഷേപിച്ച നാട്ടിൽ, ആരാലും പരിഗണിക്കപ്പെടാതിരുന്ന പാവപ്പെട്ട ഇടയപൈതങ്ങളിലൂടെ ലോകത്തിന് പരി. ലാസലെറ്റ് മാതാവു വഴി നൽകിയ അനുരഞ്ജന സന്ദേശം ഉൾകൊണ്ടു കൊണ്ട് സഹോദരങ്ങളെ അവമതിക്കാതെ ജീവിക്കാൻ മക്കളായ ഞങ്ങളെ പഠിപ്പിക്കണമേ. ആരാലും പരിഗണിക്കപ്പെടാതെയും സഹായം ലഭിക്കാതെയും ഞങ്ങളും മറ്റെല്ലാ കുടുംബങ്ങളും നഷ്ടധൈര്യരാകുമ്പോൾ, പരി. ലാസലെറ്റ് അമ്മ വഴി ഞങ്ങളെ ആശ്വസിപ്പിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും... ആമ്മേൻ.

പരി. ലാസലെറ്റ് മാതാവേ....... ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

മാർ യൗസേപ്പിതാവേ................. ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

<u>**സമാപനഗാനം**</u>

മറിയമേ നിന്റെ നിത്യസഹായം ..........

തയ്യാറാക്കിയത്:
ലാസലെറ്റ് സന്യാസ സമൂഹത്തിന് വേണ്ടി
ഫാ. ബിബിൻ പാറേക്കുന്നേൽ MS

facebook page: La Salette Mathavu